**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 684** **09-08-2023 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് ടെക്സ്റ്റൈൽസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് ടെക്സ്റ്റൈൽസിൽ ക്ലറിക്കൽ സ്റ്റാഫുകളുടെയും തൊഴിലാളികളുടെയും കരാർ കാലാവധി പുതുക്കുന്നതിൽ ക്ലറിക്കൽ സ്റ്റാഫുകളുടെ കരാർ കാലാവധി മാത്രം വിട്ടുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | എടരിക്കോട് ടെക്സ്റ്റൈൽസിൽ നിലവിൽ ക്ലറിക്കൽ തസ്തികയിൽ കരാർ ജീവനക്കാർ ആരും തന്നെ ഇല്ല. |
| (ബി) | പ്രസ്തുത ടെക്സ്റ്റൈൽസിലെ ക്ലറിക്കൽ തൊഴിലാളികളുടെ കരാർ കാലാവധി നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | എടരിക്കോട് ടെക്സ്റ്റൈൽസിൽ നിലവിൽ ക്ലറിക്കൽ തസ്തികയിൽ കരാർ ജീവനക്കാർ ആരും തന്നെ ഇല്ല. |
| (സി) | എടരിക്കോട് ടെക്സ്റ്റൈൽസ് അടച്ച് പൂട്ടിയതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (സി) | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റായ എടരിക്കോട് ടെക്സ്റ്റൈൽസ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോവുകയാണ്. അസംസ്കൃത വസ്തുക്കൾ വാങ്ങിയ വകയിൽ കുടിശികയുള്ളതിനാലും തുടർന്നും അസംസ്കൃത വസ്തുക്കൾ വാങ്ങുവാൻ പ്രവർത്തന മൂലധനത്തിന്റെ അഭാവത്താലും മില്ലിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകാൻ കഴിയാത്ത സാഹചര്യത്തിൽ 22.02.2023 മുതൽ മില്ല് ലേ ഓഫ് ചെയ്യാൻ മാനേജ്മെന്റ് നിർബന്ധിതരായി. |
| (ഡി) | ഈ ടെക്സ്റ്റൈൽസ് അടച്ച് പൂട്ടാനുണ്ടായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടിട്ടുണ്ടോ; പ്രസ്തുത ടെക്സ്റ്റൈൽസ് എന്ന് തുറന്ന് പ്രവർത്തിക്കുമെന്ന് വിശദമാക്കാമോ? | (ഡി) | രാജ്യത്തെ ടെക്സ്റ്റൈൽ മേഖലയിലുണ്ടായ പ്രതിസന്ധിയുടെ ഫലമായി താരതമ്യേന നവീകരണം കുറഞ്ഞ എടരിക്കോട് ടെക്സ്റ്റൈൽസ് പ്രവർത്തന മൂലധനക്ഷാമം മൂലം ലേ ഓഫ് ചെയ്യപ്പെട്ടുകയാണ് ഉണ്ടായത്. പ്രസ്തുത മില്ലിലെ മെഷീനുകൾ എല്ലാം തന്നെ കാലപ്പഴക്കം ചെന്നവയാണ്. ഇതുമൂലം ഉൽപ്പന്നങ്ങളുടെ ഗുണമേന്മയിലുണ്ടാകുന്ന തകർച്ച പ്രവർത്തന മൂലധന ശോഷണത്തിലേക്ക് നയിക്കുന്നു. മില്ലിന്റെ ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ മതിയായ വില ലഭിക്കാത്തതും, അസംസ്കൃത വസ്തുക്കൾക്ക് |

| | | | |
|---|---|---|---|
| | | | അനിയന്ത്രിതമായ വില വർദ്ധിച്ചതും മില്ലിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. അസംസ്കൃത വസ്തുക്കൾ വാങ്ങിയ വകയിലുള്ള കുടിശിക നൽകിയാൽ മാത്രമേ തുടർന്നും അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കി മില്ലിന്റെ പ്രവർത്തനം പുന:രാരംഭിക്കാൻ സാധിക്കുകയുള്ളൂ. ആയതിലേക്ക് വേണ്ടി ഈ സാമ്പത്തിക വർഷം പ്രവർത്തന മൂലധനം ആയി ടെക്സ്റ്റൈൽ കോർപ്പറേഷന് 5 കോടി രൂപ അനുവദിച്ച് ഉത്തരവാകുകയും പ്രസ്തുത തുകയിൽ നിന്ന് 115 ലക്ഷം രൂപ (ഒരു കോടി പതിനഞ്ച് ലക്ഷം രൂപ) മില്ലിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ